**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 685** **30-01-2024 - ൽ മറുപടിയ്ക്ക്**

**കുണ്ടറ നിയോജകമണ്ഡലത്തിലെ കശുവണ്ടി ഫാക്ടറികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. സി. വിഷ്ണുനാഥ് | | ശ്രീ. പി. രാജീവ് (നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | പൊതുമേഖലയിലും സ്വകാര്യമേഖലയിലുമായി എത്ര കശുവണ്ടി ഫാക്ടറികളാണ് നിലവിൽ കുണ്ടറ നിയോജകമണ്ഡലത്തിന്റെ പരിധിയിൽ പ്രവർത്തിച്ചു വരുന്നതെന്ന് തരംതിരിച്ച് വിശദമാക്കാമോ; | (എ) | കുണ്ടറ നിയോജക മണ്ഡലത്തിൽ പൊതുമേഖലയിൽ 6 ഉം സ്വകാര്യ മേഖലയിൽ 66 ഉം ഉൾപ്പെടെ ആകെ 72 ഫാക്ടറികൾ നിലവിൽ പ്രവർത്തിച്ചു വരുന്നു. |
| (ബി) | പ്രസ്തുത ഫാക്ടറികളിൽ ഈ സാമ്പത്തിക വർഷം ഇതുവരെ എത്ര തൊഴിൽ ദിനങ്ങളാണ് ലഭിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ; | (ബി) | പ്രസ്തുത ഫാക്ടറികളിൽ ഈ സാമ്പത്തിക വർഷം പൊതുമേഖലയിൽ ആകെ 752 (ശരാശരി 125) തൊഴിൽദിനങ്ങളും 66 സ്വകാര്യ ഫാക്ടറികളിലായി ആകെ 11661 (ശരാശരി 177) തൊഴിൽ ദിനങ്ങളും ഇതുവരെ നൽകിയിട്ടുണ്ട്. |
| (സി) | 2021-22, 2022-23 സാമ്പത്തിക വർഷങ്ങളിൽ പ്രസ്തുത ഫാക്ടറികളിൽ എത്ര തൊഴിൽ ദിനങ്ങൾ ലഭിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ? | (സി) | 2021-22 സാമ്പത്തിക വർഷത്തിൽ 6 പൊതുമേഖലാ ഫാക്ടറികളിലായി ആകെ 603 (ശരാശരി 101) തൊഴിൽദിനങ്ങളും 67 സ്വകാര്യ ഫാക്ടറികളിലായി ആകെ 12074 (ശരാശരി 180) തൊഴിൽ ദിനങ്ങളും നൽകിയിട്ടുണ്ട്. 2022-23 സാമ്പത്തിക വർഷത്തിൽ 6 പൊതുമേഖലാ ഫാക്ടറികളിലായി ആകെ 405 (ശരാശരി 68) തൊഴിൽ ദിനങ്ങളും 58 സ്വകാര്യ ഫാക്ടറികളിലായി ആകെ 9101 (ശരാശരി 157) തൊഴിൽ ദിനങ്ങളും തൊഴിലാളികൾക്ക് നൽകിയിട്ടുണ്ട് . |

സെക്ഷൻ ഓഫീസർ